"ഭരണഭാഷ — മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

(നിലവിൽ: ജാസ്മിൻ ബി KAS)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-ലാസ്റ്റ്ഗ്രേഡ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട LPE വിഭാഗം ജീവനക്കാർക്ക് എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നത്-തൃശ്ശൂർ ജില്ലയിലെ അർഹതപ്പെട്ട ജീവനക്കാരന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാർ ഉത്തരവ്(പി) നം 1/2014/ഉ.പ.ഭ.വ തീയതി 03.01.2014
2. സർക്കാർ ഉത്തരവ്(പി) നം 21/2014/ഉ.പ.ഭ.വ തീയതി 19.07.2014
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24.02.15 ലെ എ3/5086/14 നമ്പർ ആയുള്ള നടപടിക്രമം
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.07.15 ലെ എ3/5086/14 നമ്പർ ആയുള്ള നടപടിക്രമം
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 09.10.15, 03.12.15 ലെ എ3/5086/14 നമ്പർ ആയുള്ള നടപടിക്രമം

<u>ഉത്തരവ് നമ്പർ: എ3/2859/2020-A3 തീയതി: 25-07-2024</u>

എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് ലാസ്റ്റ്ഗ്രേഡ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട LPE വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ തുടർന്ന് പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണ ഉത്തരവിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ കേഡർ സ്ട്രെങ്ത് നിജപ്പെടുത്തുവാനും, എൻട്രി കേഡറിലെ ജില്ലാതല സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുവാനും, കേഡർ സ്ട്രെങ്ത്തിന്റെ 10 % ൽ എത്തുന്നത് വരെ നിയമനം തുടരുന്നതിനും തുടർന്ന് 10% ൽ നിയമനനങ്ങൾ നിജപ്പെടുത്തുന്നത്തിനും നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം(3) ലെ ഉത്തരവ് പ്രകാരം വകുപ്പിലെ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല കേഡർ സ്ട്രെങ്ത് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം 4,5 പ്രകാരം 10% തസ്തികമാറ്റത്തിന് അർഹരായ ലാസ്റ്റ്ഗ്രേഡ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട LPE വിഭാഗം ജീവനക്കാരുടെ അന്തിമ സീനോയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരാമർശം(5) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിലെ തൃശ്ശൂർ ജില്ലയിലെ ലിസ്റ്റിൽ ഉൾപ്പെട്ട

ക്രമ നം. 4 നാണ് അവസാനമായി ക്ലാർക്ക് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത്. ടി പ്രമോഷൻ നൽകിയ ശേഷം 11 ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അടുത്ത ബൈ ട്രാൻസ്ഫർ നിയമനം നടത്തേണ്ടതുണ്ട്. ടി സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള തൃശ്ശൂർ ജില്ലയുടെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയറും നിലവിൽ ചാലക്കുടി ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡറുമായ ശ്രീ.അനിരുദ്ധൻ എൻ.കെ,ക്ക് 26500-60700 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് KS&SSR റൂൾ 31 (എ) (1) പ്രകാരം താൽക്കാലികമായി തസ്തികമാറ്റം നൽകി തൃശ്ശൂർ ജില്ലയിലെ താഴെ പറയുന്ന സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | തസ്തികമാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | 18 | ശ്രീ.അനിരുദ്ധൻ എൻ.കെ സ്റ്റോർ അറ്റൻഡർ | ഐ.ടി.ഐ ചാലക്കുടി | ഐടിഐ ദേശമംഗലം |

തസ്തികമാറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഈ ഉത്തരവ് കൈപറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ സേവനത്തിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ടി നിയമനം റദ്ദ് ആയതായി കണക്കാക്കുന്നതാണ്. പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 03 വർഷ കാലയളവിൽ 02 വർഷം പ്രൊബേഷൻ കാലയളവ് ആയിരിക്കും. പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തികരിക്കേണ്ടതും ടി കാലയളവിൽ MOP പരീക്ഷ വിജയിക്കേണ്ടതുമാണ്.

2024 പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിൽ ഈ നിയമന ഉത്തരവ് പ്രകാരം നിയമനം നൽകിയ സ്ഥാപനത്തിലെ നിയമനം അർഹതയുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുന്നതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:-

ശ്രീ.അനിരുദ്ധൻ എൻ.കെ, സ്റ്റോർ അറ്റൻഡർ

ഐടിഐ ചാലക്കുടി

(പ്രിൻസിപ്പാൾ ഐടിഐ ചാലക്കുടി മുഖേന)

പകർപ്പ്:-

പ്രിൻസിപ്പാൾ

ഐടിഐ ചാലക്കുടി, ദേശമംഗലം

//ഉത്തരവിൻ പ്രകാരം//